ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിലെ കൂപ്പണ എന്ന സ്ഥലത്ത് ഒരു മദ്യദുരന്തമുണ്ടായിട്ടുണ്ട്. പ്രസ്തുത ദുരന്തത്തിൽ ഏഴു പേർ മരണപ്പെടുകയുണ്ടായി.

വ്യാജമദ്യം തടയാൻ നടപടി

107 [2827] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യത്തിന്റെ വിലവർദ്ധന കാരണം വ്യാജമദ്യ വിൽപന വ്യാപകമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യാജമദ്യം തടയാൻ സർക്കാർ മേൽനോട്ടത്തിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില കൂടിയതുകൊണ്ട് വ്യാജമദ്യ വിൽപന കൂടി എന്ന് പറയാൻ കഴിയില്ല. എന്നാൽ വ്യാജമദ്യ വിൽപനകേന്ദ്രങ്ങളിലും സംശയിക്കപ്പെടുന്ന മറ്റു സ്ഥലങ്ങളിലും തുടർച്ചയായ റെയ്ഡുകളും പട്രോളിങ്ങും നടത്തിവരുന്നു. ഉത്സവ കാലങ്ങളിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നു. കൂടാതെ സംസ്ഥാനാതിർത്തികൾ വഴി വ്യാജമദ്യം വരുന്നത് തടയുന്നതിലേക്കായി ബോർഡർ പട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

(ബി) എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തിയുള്ള ജനകീയ കമ്മിറ്റികൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

എക്സൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തൊണ്ടി സാധനങ്ങൾ

108 [2828] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളിൽ പിടിക്കപ്പെട്ട് സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തൊണ്ടി സാധനങ്ങളുടെ മതിപ്പുവില സർക്കാർ നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാധനങ്ങൾ മിക്കവാറും കാലപ്പഴക്കംകൊണ്ട് ദ്രവിച്ച് നാശമായി പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവ സർക്കാരിന് മുതൽക്കൂട്ടാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മതിപ്പ് വില നിർണ്ണയിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എക്സൈസ് കേസുകളിൽ പിടിക്കപ്പെടുന്ന തൊണ്ടി മുതലുകളിൽ വിലപിടിപ്പുള്ളത് പ്രധാനമായും വാഹനങ്ങളാണ്. ടി വാഹനങ്ങൾ എല്ലാം തന്നെ സർക്കാരിലേക്ക് കണ്ടുകെട്ടപ്പെടണമെന്നില്ല. അക്കാരണങ്ങൾ കൊണ്ടു തന്നെ നിലവിലുള്ള അബ്കാരി നിയമങ്ങളനുസരിച്ച് കണ്ടുകെട്ടൽ നടപടികൾ പൂർത്തിയാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ആയതിനാൽ അബ്കാരി നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തി കണ്ടുകെട്ടുന്ന വാഹനങ്ങൾ ദീർഘകാലം ഗവൺമെന്റ് കസ്റ്റഡിയിൽക്കിടന്ന് ദ്രവിച്ചു നശിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി നടപടികൾ സർക്കാർ സജീവമായി പരിഗണിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 24-9-2003-ാം തീയതിയിലെ ജി.ഒ.(എം.എസ്)143/03/നി.വ. നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം അബ്കാരി നിയമങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പത്തംഗ ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിശോധനയിലാണ്.

എക്സൈസ് വകുപ്പിന്റെ ഗോഡൗണുകളിലെ അനധികൃത സ്പിരിറ്റ്

109 [2829] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പിന്റെ ഗോഡൗണുകളിൽ പിടിച്ചെടുത്ത എത്ര ലിറ്റർ അനധികൃത സ്പിരിറ്റ് ഉണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

3,78,874.525 ലിറ്റർ.

LIBRARY ARCHIVES Kerala Legislative Assembly